# THIRUVEGAPPURA GRAMA PANCHAYAT
# LSS EXAMINATION 2019

**Roll No:** | | | | | | |

| Paper -1 | Part-A | മലയാളം, ഇംഗ്ലീഷ്, പൊതുവിജ്ഞാനം |
|---|---|---|

സമയം: 1 1/2 മണിക്കൂർ

ആകെ സ്കോർ: 40

## നിർദേശങ്ങൾ

- നിർദ്ദിഷ്ടസമയത്തിനു പുറമെ 15 മിനിട്ട് "കൂൾ ഓഫ് ടൈം" ഉണ്ടായിരിക്കും.
- ഈ സമയത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനും മറ്റുള്ളവരുമായി ആശയവിനിമയം നടത്താനും പാടില്ല.
- ഉത്തരങ്ങളെഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിന് ചോദ്യത്തിന് താഴെയുള്ള (A) (B) (C) (D) എന്ന വൃത്തങ്ങളിൽ ടിക് മാർക്ക്(√) ചിഹ്നം രേഖപ്പെടുത്തുക
- ഒന്നിൽ കൂടുതൽ ഉത്തരങ്ങളിൽ ടിക് മാർക്ക് (√) നൽകിയാൽ ഉത്തരം തെറ്റായി പരിഗണിക്കും.
- വിവരണാത്മക ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ സ്ഥലപരിമിതി ഉണ്ടെങ്കിൽ അഡീഷണൽ ഷീറ്റ് അനുവദിക്കുന്നതാണ്. അഡീഷണൽ ഷീറ്റിൽ നിർബന്ധമായും രജിസ്റ്റർ നമ്പർ എഴുതണം.

1. മനോഹരിയായ സൗന്ദര്യവതിയായ പ്രകൃതിയാണ് മനുഷ്യന് ഭൂമിയിൽ ജീവിക്കാൻ പ്രചോദനമാകുന്നത്. ഈ സൗന്ദര്യം ഇല്ലായിരുന്നുവെങ്കിൽ ജീവിതം വിരസവും അർത്ഥശൂന്യവുമായിപ്പോകുമായിരുന്നു. പ്രകൃതി സൗന്ദര്യം നിലനിന്നെങ്കിലേ ജീവിതം അർത്ഥപൂർണമാകൂ... സൗന്ദര്യത്തെ കെടുത്തിക്കളഞ്ഞ് പ്രകൃതിയെ വിരൂപയും വികൃതയുമാക്കിയാൽ മനുഷ്യൻ ഇവിടെ ജീവിക്കുന്നതിൽ കാര്യമില്ല. മനുഷ്യനെ ഭൂമിയിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് തന്നെ ഈ സൗന്ദര്യമാണ്....

   പ്രകൃതി സൗന്ദര്യത്തിന്റെ മറ്റൊരു മുഖം കവിയുടെ ഭാവനയിൽ....

   "മുല്ലമൊട്ടുകൾ വാരിവാനിങ്കൽ വിതറിക്കൊ-
   ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും"

   ഈ കവിതയിൽ മുല്ലമൊട്ടുകൾ എന്തിനെ സൂചിപ്പിക്കുന്നു? (സ്കോർ:1)

   'ആകാശം' എന്നർത്ഥം വരുന്ന ഏത് പദമാണ് ഈ കവിതയിൽ ഉള്ളത്? (സ്കോർ:1)

   'പൂന്തോട്ട'ത്തെകുറിച്ച് ഒരു വർണന തയ്യാറാക്കൂ. (സ്കോർ:3)

2. 'തൃപ്തി' എന്ന പദത്തിന്റെ വിപരീതം? (സ്കോർ:1)

3. "എന്റെ ജീവിതമാണ് എന്റെ സന്ദേശം'' ആരുടേതാണീ വാക്കുകൾ (സ്കോർ:1)

4. ശക്തിയുടെ കവി എന്നറിയപ്പെടുന്നത്? (സ്കോർ:1)

5. പഴശ്ശിരാജയെ സഹായിച്ചിരുന്ന ആദിവാസി സമുദായക്കാർ (സ്കോർ:1)

6. 'അടയ്ക്കും തുറക്കും കിങ്ങിണിപ്പത്തായം' ഈ കടങ്കഥയുടെ ഉത്തരമെഴുതുക. (സ്കോർ:1)

7. ഒരു കലാരൂപവുമായി ബന്ധപ്പെട്ടതാണ് കേളികൊട്ട്. ഏത് കലാരൂപം? (സ്കോർ:1)

(a) ഓട്ടൻ തുള്ളൽ (b) തെയ്യം (c) പടയണി (d) കഥകളി

(A) (B) (C) (D)

8. താഴെ കൊടുത്തവയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതി അല്ലാത്തത് ഏത്? (സ്കോർ:1)

(a) പാത്തുമ്മയുടെ ആട് (b) മതിലുകൾ (c) ആട് ജീവിതം (d) ആകാശമിഠായി

(A) (B) (C) (D)

9. താഴെ കൊടുത്തിട്ടുള്ളവയിൽ തെറ്റായ പദം ഏത്? (സ്കോർ:1)

(a) മന്ദസ്മിതം (b) മിഠായി (c) പീഢനം (d) വിദ്യാഭ്യാസം

(A) (B) (C) (D)

10. സ്വന്തം ജീവിതാനുഭവങ്ങൾ മറ്റുള്ളവർക്ക് ആസ്വാദ്യകരമായ രീതിയിൽ അവതരിപ്പിക്കുന്ന സാഹിത്യരൂപമേത്? (സ്കോർ:1)

(a)യാത്രാവിവരണം (b) ജീവചരിത്രം (c) നോവൽ (d) ആത്മകഥ

(A) (B) (C) (D)

11. 'എന്റെ ഗുരുനാഥൻ' എന്ന കവിത രചിച്ചത്? (സ്കോർ:1)

(a) കുമാരനാശാൻ (b) ഉള്ളൂർ (c) വള്ളത്തോൾ (d) കടമ്മനിട്ട

(A) (B) (C) (D)

12. കേരളമേ നിന്റെയോമനപ്പേർ കേൾക്കെ
കോൾമയിർകൊള്ളുന്നെന്നുള്ളമെന്നും
നീരാളിപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾ നാടുകളും
വാരിളം പുല്ലണിക്കുന്നിൻ പുറങ്ങളും
നേരറ്റ നീരലർ പൊയ്കകളും
പൂത്തിരികത്തിച്ചു പാതിരാവും പിന്നെ
പൂത്തിരുവാതിര പൂനിലാവും
മഞ്ഞക്കുറിയിട്ട മൂവന്തിമാനവും
മഞ്ഞുപുതച്ച പുലരികളും (എസ്.കെ പൊറ്റക്കാട്)

(a) കവിതയിൽ ഏതൊക്കെ പ്രകൃതി ദൃശ്യങ്ങളെക്കുറിച്ചാണ് കവി വർണ്ണിച്ചിരിക്കുന്നത്? (സ്കോർ:1)

(b) മഞ്ഞക്കുറിയിട്ട മൂവന്തിമാനവും എന്ന പ്രയോഗത്തിൽ മഞ്ഞക്കുറിയായി കവി സങ്കൽപ്പിച്ചിരിക്കുന്നത് എന്തിനെയാണ്? (സ്കോർ:1)

(c) ഈ കവിതക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കാമോ? (സ്കോർ:3)

*അല്ലെങ്കിൽ*

കീഴന്തൂരാറ്...

നമ്മുടെ ദേശത്തിന്റെ പെരുമയായ നമ്മുടെ പുഴ... ദേശവാസികൾക്ക് കുടിനീരും കുളിനീരും നൽകിയ നദി. തെളിനീരൊഴുകിയ ഈ പുഴ ഇന്നൊരു മാലിന്യക്കുളമായിരിക്കുന്നു. മണലെടുത്ത് ഒഴുക്ക് നിലച്ചുപോയ പുഴയിൽ നമ്മുടെ നഗരവാസികൾ തന്നെ സർവ്വ മാലിന്യങ്ങളും നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. ഇവയിൽ അറവുമാലിന്യങ്ങളും, ഓടകളിലെ മലിനജലവും കക്കൂസ് മാലിന്യവും എന്തിന് പ്ലാസ്റ്റിക്കും, ഫാക്ടറി മാലിന്യങ്ങൾളും വരെ ഉൾപ്പെടുന്നുണ്ട്. ഇവയാകെ നീക്കം ചെയ്ത് രോഗം വിതയ്ക്കുന്ന നമ്മുടെ പുഴയെ മരണത്തിൽനിന്ന് രക്ഷിച്ച് പുതുജീവൻ നൽകാനുള്ള വലിയൊരു യജ്ഞം ആവശ്യമായിരിക്കുന്നു. കീഴന്തൂരാറിനെ വീണ്ടെടുക്കാനുള്ള ഈ യജ്ഞത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ആലത്തൂരങ്ങാടിയിലെ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് 10.12.2018ന് തിങ്കളാഴ്ച വൈകുന്നേരം 5 മണിക്ക് നടക്കുന്നു. താങ്കളും സുഹൃത്തുക്കളും യോഗത്തിൽ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

1.12.2018 കൺവീനർ

കീഴന്തൂർ കീഴന്തൂരാറ് സംരക്ഷണസമിതി

## കാര്യപരിപാടി

സ്വാഗതം : **ശ്രീ. കെ. രാഘവൻ** (കീഴന്തൂരാറ് സംരക്ഷണസമിതി)

അധ്യക്ഷ : **ശ്രീമതി. സുജാത പി** (പ്രസിഡണ്ട്, ആലത്തൂർ ഗ്രാമപഞ്ചായത്ത്)

ഉദ്ഘാടനം : **ശ്രീ. ഇ.കെ. കുഞ്ഞബ്ദുള്ള**

(പ്രസിഡണ്ട്, കീഴന്തൂർ ബ്ലോക്ക് പഞ്ചായത്ത്)

വിഷയാവതരണം : **ശ്രീ. പ്രൊഫ.എം.കെ. മാത്യു** (പരിസ്ഥിതി ശാസ്ത്രജ്ഞൻ)

ആശംസ : **ശ്രീമതി. കെ. മുംതാസ്** (വാർഡ് മെമ്പർ)

നന്ദി : **ശ്രീ. ശ്രീധരൻ മാസ്റ്റർ** (പ്രസിഡണ്ട്, കീഴന്തൂരാറ് സംരക്ഷണസമിതി)

(a) കീഴന്തൂരാറ് സംരക്ഷണ യജ്ഞം എന്ന പദ്ധതിക്ക് തുടക്കമിടാൻ ദേശവാസികളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? (സ്കോർ:2)

(b) കീഴന്തൂരാറ് സംരക്ഷണ യജ്ഞത്തിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞല്ലോ. ഇതു സംബന്ധിച്ച ഒരു പത്രവാർത്ത സയ്യാറാക്കൂ (സ്കോർ:3)

## ENGLISH

13 Find out the correct word (score:1)

| m | i | t | a | e | m | e | d |
|---|---|---|---|---|---|---|---|

14. Find out the odd one (score:1)
Nightingale, Cuckoo, Parrot Jasmine, Pigeon

15. Raheem and Raju are playing .................... kites (score:1)
(on , the, in, with)

16. Describe any animal do you like (score:3)

17. Rearrange the sentence (score:1)
the balloons / stood / the child / there / watching

18. Read the following lines of a song and add more lines to it (score:3)
I saw a fruitseller
standing by the road
with a huge basket

..........................................................................................

..........................................................................................

..........................................................................................

## പൊതുവിജ്ഞാനം

19. നമ്മുടെ സംസ്ഥാന ശലഭം ഏത്? (സ്കോർ:2)

(a) കൃഷ്ണശലഭം (b) മഞ്ഞപ്പാപ്പാത്തി (c) വനനീലി
(d) ബുദ്ധമയൂരി

(A) (B) (C) (D)

20. മാലിന്യ പരിപാലനം, ജൈവകൃഷി പ്രോത്സാഹനം, ജലസംരക്ഷണം എന്നിവക്ക് വേണ്ടി കേരള സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതിയാണ്

(a) ഹരിതകേരളം (b) ലൈഫ് (c) ആയുഷ് (d) ആർദ്രം

(A) (B) (C) (D)

21. 'ഗ്രാന്റ്സ്ലാം' ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(a) ക്രിക്കറ്റ് (b) ടെന്നീസ് (c) ബാറ്റ്മിന്റൺ (d) ഫുട്ബോൾ

(A) (B) (C) (D)

22. കേരള ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകനേതാവ്, സാക്ഷരത പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഇദ്ദേഹത്തിന്റെ ചരമദിനം ഏത് ദിനമായി ആചരിക്കുന്നു?

(a) ഗ്രന്ഥശാലാദിനം (b) സാക്ഷരതാദിനം (c) വായനാദിനം
(d) അധ്യാപകദിനം

(A) (B) (C) (D)

23. രൂപയുടെ ചിഹ്നം (₹) രൂപകൽപന ചെയ്തതാര്?

(a) ശക്തികാന്തദാസ് (b) ഡി. ഉദയകുമാർ (c) ഊർജിത് പട്ടേൽ
(d) പിംഗാലി വെങ്കയ്യ

(A) (B) (C) (D)

24. 2018ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?

[ ]

25. 2018 ഓക്ടോബർ 31ന് രാജ്യത്തിന് സമർപ്പിച്ച സർദാർ പട്ടേലിന്റെ പ്രതിമ ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്?

[ ]

26. 'നിപ' മഹാമാരിയുടെ അതിജീവനകഥ സിനിമയാകുന്നു. ഈ സിനിമയുടെ പേരെന്ത്?

[ ]

27. 'തുഷാരഗിരി' വെള്ളച്ചാട്ടം ഏത് ജില്ലയിലാണ്?

[ ]

28. കേരളത്തിൽ ഉണ്ടായ പ്രളയക്കെടുതിയിൽ ദുരിതാശ്വാസത്തിനായി കൂടുതൽ തുക കണ്ടെത്തുന്നതിനായി ആരംഭിച്ച പ്രത്യേക ഭാഗ്യക്കുറി ഏത്?

[ ]